# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1947** **07-12-2015-ൽ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് സ്കീമിലെ ജീവനക്കാർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എ.കെ. ശശീന്ദ്രൻ**<br>**ശ്രീ. തോമസ് ചാണ്ടി** | | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) | കാരുണ്യ ബെനവലന്റ് സ്കീമിന്റെ പ്രവർത്തനത്തിനായി അധികമായി എത്ര ജീവനക്കാരെയാണ് നിയമിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) | കാരുണ്യ പദ്ധതിയിൽ സംസ്ഥാനത്തൊട്ടാകെ സർക്കാർ ജീവനക്കാരായി 6 പേരെയും, കരാർ അടിസ്ഥാനത്തിൽ 19 പേരെയും ദിവസവേതനാടിസ്ഥാനത്തിൽ 73 പേരെയും നിയമിച്ചിട്ടുണ്ട്. |
| (ബി) | പി.എസ്.സി. മുഖേനയാണോ എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖേനയാണോ പ്രസ്തുത ജീവനക്കാരെ നിയമിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ ജീവനക്കാർ ഒഴികെയുള്ള മറ്റു കരാർ/ദിവസവേതന ജീവനക്കാരെ പി.എസ്.സി. വഴിയോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ അല്ല നിയമിച്ചിട്ടുള്ളത്. |
| (സി) | അല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ; | (സി) | കരാർ/ ദിവസവേതന ജീവനക്കാരെ, സ്റ്റേറ്റ് ലെവൽ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്. |
| (ഡി) | 14 ജില്ലകളിലും ഹെഡ് ക്വാർട്ടേഴ്സിലുമായി പ്രസ്തുത സ്കീമിനായി ലെയ്സൺ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | നിയമിച്ചിട്ടുണ്ട്.<br>ആസ്ഥാന ഓഫീസിൽ - 2<br>**(1 ഒഴിഞ്ഞു കിടക്കുന്നു)**<br>തിരുവനന്തപുരം - 1<br>കൊല്ലം - 1<br>പത്തനംതിട്ട - 1<br>ആലപ്പുഴ - 1<br>**(ഒഴിഞ്ഞു കിടക്കുന്നു)**<br>കോട്ടയം - 1 |

| | |
|---|---|
| ഇടുക്കി | - 1 |
| എറണാകുളം | - 1 |
| തൃശ്ശൂർ | - 1 |
| പാലക്കാട് | - 1 |
| മലപ്പുറം | - 1 |
| **(ഒഴിഞ്ഞു കിടക്കുന്നു)** | |
| കോഴിക്കോട് | - 1 |
| വയനാട് | - 1 |
| **(ഒഴിഞ്ഞു കിടക്കുന്നു)** | |
| കണ്ണൂർ | - 1 |
| കാസർഗോഡ് | - 1 |

**(ഇ)** എങ്കിൽ ഇവരുടെ നിയമനത്തിന്റെ സ്വഭാവം വ്യക്തമാക്കുമോ; കരാർ അടിസ്ഥാനത്തിൽ നിയമിച്ച ലെയ്സൺ ഓഫീസർമാരെ പിരിച്ചുവിട്ട് പി.എസ്.സി വഴിയോ എംപ്ലോയ്മെന്റ് എക്സേഞ്ച് വഴിയോ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

**(ഇ)** പത്രപരസ്യം നൽകി ഇന്റർവ്യൂ നടത്തി സ്റ്റേറ്റ്ലെവൽ കമ്മറ്റിയുടെ തീരുമാന പ്രകാരമാണ് ലെയ്സൺ ഓഫീസർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്. പി.എസ്.സി./ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ.**